മഹാകവി മോയിൻകുട്ടി വൈദ്യരുടെ സ്മാരകത്തിൽ ഒരു ഫെലിസിറേഷൻ സെൻറർ ആരംഭിക്കാൻ നടപടി

90 [2079] ശ്രീ. കെ. എൻ .എ. ഖാദർ:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. അബ്ദു റബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി വൈദ്യരുടെ സ്മാരകത്തിൽ ഒരു ഫെലിസിറേഷൻ സെൻറർ ആരംഭിക്കണമെന്ന ആവശ്യം സംബന്ധിച്ച് ടൂറിസം മന്ത്രിക്ക് നിവേദനം കിട്ടിയിട്ടുണ്ടോ;

(ബി) ഈ ആവശ്യം നിറവേറ്റുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഇതിനകം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച ഒരു കത്ത് ശ്രീ. കെ. എൻ. എ. ഖാദർ എം. എൽ. എ.-യിൽ നിന്ന് ലഭിച്ചിട്ടുണ്ട്.

(ബി, സി) വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ടൂറിസം ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ച ശേഷം ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിലെ ടൂറിസം വികസന പദ്ധതികൾ

91 [2080] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിൽ തൊട്ട് പൂവ്വാർ വരെയുള്ള തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിൽ ടൂറിസം വികസനത്തിനുവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയുടെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, ശംഖുമുഖം, വേളി, ആക്കുളം, വർക്കല, പൊൻമുടി, പേപ്പാറ, നെയ്യാർ ഡാം എന്നിവയുടെ വികസനത്തിന് നടപ്പു സാമ്പത്തിക വർഷത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇവയിലോരോ പ്രദേശത്തിനും വേണ്ടി എന്ത് തുക വീതമാണ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാപ്പിൽ മുതൽ പൂവ്വാർ വരെയുള്ള തീരപ്രദേശത്തെ ടൂറിസം വികസനത്തിനുവേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) കാപ്പിൻ തൊട്ട് പൂവ്വാർ വരെയുള്ള തീരപ്രദേശങ്ങളിലെ ടൂറിസം വികസനത്തിനായി ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

വർക്കല: വർക്കല മുതൽ കാപ്പിൽ വരെ 4 കി. മീ. നടപ്പാതയുടെ നിർമ്മാണം.

വേളി: വേളി ടൂറിസ്റ്റ് വില്ലേജിൽ ലാൻഡ്സ്കേപ്പ് ഇംപ്രൂവ്മെന്റ്, വേളി-ആക്കുളം നടപ്പാത, ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് എന്നിവ.

ശംഖുമുഖം: ബീച്ചിന്റെ സൗന്ദര്യവൽക്കരണം.

കോവളം: ശുദ്ധജല പദ്ധതി, റോഡുകളുടെ വികസനം, മാലിന്യ സംസ്കരണം, വിഴിഞ്ഞത്ത് ആർട്ട് & ക്രാഫ്റ്റ് വില്ലേജ് കോവളത്ത് ഫെലിസിറ്റേഷൻ സെന്റർ, സമുദ്ര ബീച്ച് പാർക്കിന്റെ നിർമ്മാണം, നടപ്പാതകളുടെ വികസനം എന്നിവ.

(ബി) നടപ്പുസാമ്പത്തിക വർഷം ഈ സ്ഥലങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്:

കോവളം: വിനോദസഞ്ചാര മേഖലയിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരമുണ്ടാക്കുന്ന ഒരു പദ്ധതി, ചൊവ്വര-ബീച്ച് റോഡ്, പുളിങ്കുടി-അഴിമാലത്തുറ റോഡ്, നെല്ലിക്കുന്ന് ബീച്ച് റോഡ് എന്നിവയുടെ വികസനം, സമുദ്ര ബീച്ച് പാർക്ക്, ടൂറിസ്റ്റ് ഫെലിസിറ്റേഷൻ സെന്റർ, ആർട്ട് ആൻഡ് ക്രാഫ്റ്റ് വില്ലേജ് നിർമ്മാണം.

ശംഖുമുഖം: ബീച്ച് സൗന്ദര്യവൽക്കരണം.

വേളിയിൽ വേളി ടൂറിസ്റ്റ് വില്ലേജിൽ ലാൻഡ്സ്കേപ്പ് ഇംപ്രൂവ്മെന്റ് വേളി-ആക്കുളം കായൽതീര നടപ്പാത, ഫ്ളോട്ടിംഗ് റെസ്റ്റോറന്റ് നിർമ്മാണം.

ആക്കുളം ബോട്ട് ജെട്ടിയിൽ ടോയ്ലറ്റ് നിർമ്മാണം, കുട്ടികളുടെ പാർക്കിൽ പുതിയ കളിക്കോപ്പുകൾ സ്ഥാപിക്കൽ, ബോട്ട് ജെട്ടി കാമ്പൗണ്ട് നിർമ്മാണം, നിലവിലുള്ള ടോയ്ലറ്റിന്റെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, ചുറ്റുമതിൽ നിർമ്മാണം മുതലായവ.

വർക്കല മുതൽ കാപ്പിൽ വരെ നടപ്പാത നിർമ്മാണം.
പൊൻമുടി എക്കോ ടൂറിസം പദ്ധതി.
ലാൻഡ് സ്കേപ്പിംഗ്.

പേപ്പാറയിൽ ഈ സാമ്പത്തികവർഷം പുതിയ പദ്ധതികൾ ഒന്നും പരിഗണനയിലില്ല.

നെയ്യാർ ഡാം ബോട്ട് ക്ലബിൽ ബോട്ടിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പ്രദേശത്തിനുമായി പ്രത്യേകം തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടി

92 [2081] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആക്കുളം ടൂറിസ്റ്റ് കേന്ദ്രത്തിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമല്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ പ്രവർത്തനം വിപുലമാക്കുന്നതിനായി ആക്കുളം ബോട്ട് ജെട്ടിയിൽ ടോയ്ലറ്റ് നിർമ്മാണം, കുട്ടികളുടെ പാർക്കിൽ പുതിയ കളിക്കോപ്പുകൾ സ്ഥാപിക്കൽ, ബോട്ട് ജെട്ടി കോമ്പൗണ്ടുവാൾ നിർമ്മാണം, സ്വിമ്മിങ് കാമ്പസിലെ കോമ്പൗണ്ടുവാൾ നിർമ്മാണം, നിലവിലുള്ള ടോയ്ലറ്റിന്റെ അറ്റകുറ്റപ്പണികൾ, പെയിന്റിംഗ്, കോമ്പൗണ്ടുവാൾ നിർമ്മാണം എന്നീ പണികളുടെ നടത്തിപ്പിനായി 15,43,852 രൂപയുടെ പദ്ധതികൾക്കു ഭരണാനുമതി നൽകിയിട്ടുണ്ട്. ആക്കുളം ടൂറിസ്റ്റ് വില്ലേജ് കൂടുതൽ മനോഹരമാക്കാനും വേളിവരെ ബോട്ടിംഗ് നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഉദ്ദേശമുണ്ട്.

(ബി, സി) ഉണ്ട്. ആക്കുളം ടൂറിസ്റ്റ് കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യം ചർച്ച ചെയ്തു തീരുമാനിക്കുന്നതിനായി ബന്ധപ്പെട്ടവരുടെ ഒരു യോഗം 21-7-2005-ന് വിളിച്ചുചേർത്തിട്ടുണ്ട്.

വഴിയോരം പദ്ധതി പ്രകാരം നടപ്പാക്കുന്ന പരിപാടികൾ

93 [2082] ശ്രീ. എം. കെ. പോക്കസൺ മാസ്റ്റർ:
,, വി. ജെ. പൗലോസ്:
,, കെ. മുഹമ്മദാലി;
,, ജോർജ് ജെ. മാത്യു:
,, എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യത്തിന് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വഴിയോരം പദ്ധതി പ്രകാരം എത്ര ഷോപ്പിംഗ് സെന്ററുകളും ക്ഷേണശാലകളും വിശ്രമ സങ്കേതങ്ങളും ഉണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഈ പദ്ധതി ഗവൺമെന്റ് മേഖലയിലാണോ, സഹകാര്യ മേഖലയിലാണോ ആരംഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly